# പ്ലാശ്

## പ്ലാച്ചിമടയുടെ ജൈവപ്രതീകം

'പ്ലാച്ചിമട വരണ്ട പ്രദേശമല്ല. അങ്ങനെ പ്രചരിപ്പിക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. കമ്പനി വന്നതിനുശേഷമാണ് വരണ്ട പ്രദേശമായത്. ഇവിടെ സമ്പൽസമൃദ്ധി നിറഞ്ഞസ്ഥലമായിരുന്നു. പ്ലാശ് മരങ്ങൾ ധാരാളം ഉണ്ടായിരുന്ന നാട്. പ്ലാശ് മരങ്ങളുള്ളിടത്ത് ധാരാളം ഭൂഗർഭജലമുണ്ടാകും. അതാണ് കമ്പനി ഊറ്റിക്കുടിച്ചത്. സൂര്യപ്രകാശവും കാറ്റും വെള്ളവും ദൈവം തന്നതാണ്; കമ്പനി തന്നതല്ല. കൊക്കക്കൊള കമ്പനിയ്ക്കു മുന്നിലെ സമരപ്പന്തലിനുസമീപം നിന്നുകൊണ്ട് രോഷത്തോടെ ഷാഹുൽ ഹമീദ് പറഞ്ഞു.

### പ്ലാശുമരങ്ങൾ

അപൂർവ്വ ഔഷധഗുണങ്ങളുള്ള പുരാണപ്രസിദ്ധമായ പ്ലാശുമരങ്ങൾ (തമിഴിൽ പലാശം എന്നും, മലയാളത്തിൽ പ്ലാശ് അല്ലെങ്കിൽ ചമത എന്നും പറയും.) ധാരാളം ഉണ്ടായിരുന്നതിനാലാണ് ഈ സ്ഥലത്തെ പ്ലാച്ചുമട എന്നു പറഞ്ഞിരുന്നത്. മാത്രമല്ല ഭൂഗർഭജലം ധാരാളം ഉള്ളിടത്താണ് പ്ലാശ് കണ്ടിരുന്നത്. ഭൂഗർഭജലവും ഒരു പാട് മൂലകങ്ങളും വലിച്ചെടുത്ത് വളരുന്ന ഈ ചെറു വൃക്ഷത്തെ ആരാധനയോടെ കണ്ടിരുന്ന നാട്ടുകാർ ഇതിന്റെ ഭക്ഷ്യപോഷക ഔഷധ നാട്ടറിവുകൾ തിരിച്ചറിഞ്ഞിരുന്നുവെന്നതിന് ധാരാളം തെളിവുകളുണ്ട്.

കാട്ടുപ്രദേശങ്ങളിൽകണ്ടുവരുന്ന പ്ലാശ് ഇലകൊഴിയുന്ന വൃക്ഷമാണ്. പ്ലാശിനെ (ബ്യൂട്ടിയ മോണോസ്പെർമ) സംസ്കൃതത്തിൽ പാശം എന്നും രക്തപുഷ്പകം എന്നും പറഞ്ഞുവന്നു. ഇംഗ്ലീഷിൽ Flame of the forest എന്നും വിളിക്കുന്നു.

### പ്ലാശിലക്കെട്ടുകൾ

ഒരു കാലത്ത് പാലക്കാടിന്റെ ഗ്രാമീണസമ്പദ്വ്യവസ്ഥയിൽ ചെറുതല്ലാത്ത സ്ഥാനം ഈ വൃക്ഷങ്ങൾക്കുണ്ടായിരുന്നു. ചിറ്റൂർ, വണ്ടിത്താവളം തുടങ്ങിയ നാട്ടുചന്തകളിൽ പ്ലാശുമരത്തിന്റെ വലിയ ഇലക്കെട്ടുകൾ വിൽപനക്കായി എത്തിയിരുന്നു. കിഴക്കൻ പാലക്കാട്ടിലെ ചായക്കടകളിലും പലച്ചരക്കുകടകളിലും ശർക്കര, ചക്കര, തുടങ്ങിയ പല പലവ്യഞ്ജനങ്ങളും പൊതിഞ്ഞുകൊടുത്തിരുന്നത് പ്ലാശിലകളിലായിരുന്നു. ഇഡ്ഡലിയും ചമ്മന്തിപ്പൊടിയും ഹോട്ടലുകൾ കൊടുത്തിരുന്നതും ഈ ഇലകളിൽ തന്നെ. ഉണക്കിയെടുത്ത ഇലകൾ ദ്രവിക്കാതെ വളരെക്കാലം നിലനിന്നുരുന്നു. വിഷമാലിന്യങ്ങൾ നിറഞ്ഞ പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ തിരസ്ക്കരിക്കുന്ന ഇക്കാലത്ത്, പാളപാത്രങ്ങൾ തിരിച്ചുവരുന്ന പരിസ്ഥിതിയിൽ പ്ലാശിലകൾക്ക് പ്രാധാന്യം ഏറുകയാണ്. ജൈവികമായി മണ്ണോടു ചേരുന്നതുമാണ് ഈ ഇലകൾ. ഒരു കാലത്ത് ചെറിയവരുമാനം കൊണ്ടു കഴിഞ്ഞിരുന്ന സാധാരണക്കാരുടെ ഒരു വരുമാനമാർഗ്ഗമായിരുന്നു പ്ലാശിലശേഖരണം. പലവ്യഞ്ജനക്കടകൾ മാത്രമല്ല പെട്ടിമരുന്നുകടയിലേക്കും ഇതാവശ്യമായിരുന്നു.

### ഇലയട

പ്ലാശിലയുടെ ഔഷധഗുണം കണ്ടറിഞ്ഞിരുന്ന നാട്ടുകൾ ഇതുകൊണ്ട് സ്വാധിഷ്ടമായ ഇലയടകൾ ഉണ്ടാക്കിവന്നു. പ്ലാച്ചിമടക്കാരുടെ ഓർമ്മകളിൽ ഈ നാട്ടുഭക്ഷണത്തിന്റെ രുചി ഇന്നും ഉണ്ട്. ആവിയിൽ വേവിച്ചോ തട്ടിൽ ചുട്ടെടുത്തോ ഉണ്ടാക്കുന്ന ഇലയടകൾ കുട്ടികളുടെ മാത്രമല്ല മുതിർന്നവരുടേയും കൃമിയടക്കമുള്ള ഉദരസംബന്ധമായ അസുഖങ്ങൾ മാറ്റിയിരുന്നു.

### മണ്ണിനടിയിലെ ജലാംശവും പ്ലാശും

ഭൂമിക്കയിൽ ജലം കാത്തു സൂക്ഷിച്ചിരുന്നുവെന്ന് കാർഷികജനതയ്ക്കറിയാമായിരുന്നു. പാറയ്ക്കടിയിലും വെട്ടുകല്ലിനടിയിലും ചേറിനടിയിലും വിവിധ തട്ടുകളിലായി ശുദ്ധജലകേന്ദ്രമുണ്ടെന്നു മനസ്സിലാക്കിയിരുന്നത് ചില വൃക്ഷങ്ങളുടേയും വള്ളികളുടേയും സാന്നിധ്യം കൊണ്ടാണ്. കുളനീര്, പനനീര്, ഊർനീര്, മലനീര്, പനിനീര്, വളനീര് തുടങ്ങി ആറ് തരം ഭൂഗർഭജലപ്രവാഹം ഉണ്ടായിരുന്നു. പ്ലാച്ചിമടയിൽ തന്നെ ആറുമുഴം, ഏഴുമുഴം കുഴിച്ചാൽ വെള്ളം കിട്ടിയിരുന്ന കാലമുണ്ടായിരുന്നുവെന്നത് നാട്ടുകാരുടെ അനുഭവമാണ്. ഇന്ന് ഇരുപത്തഞ്ച്കോൽ കുത്തിയാൽ വെള്ളം കിട്ടാതായി.

### നാട്ടുവൈദ്യത്തിൽ

പ്ലാശിന്റെ ഇലയും പശയും കുരുവും പുഷ്പവും തൊലിയും മരുന്നിന് ഉപയോഗിച്ചുവരുന്നു. ഉത്തരേന്ത്യയിൽ കോലരക്കിന്റെ പ്രാണികളെ വളർത്താൻ പ്ലാശ് കൃഷിചെയ്യുന്നുണ്ട്. 'ബെങ്കാൾ കൈനോ' എന്നറിയപ്പെടുന്ന പശ ബലക്ഷയമുള്ളവർക്ക് കൊടുക്കാറുണ്ട്. പത്തുനെൽമണിത്തൂക്കം പശ പൊടിച്ചത് എലവർങ്ങവും കൂടി ഉപയോഗിക്കാം. ഇല ഇടിച്ചുപിഴിഞ്ഞുള്ള നീര് ക്ഷയരോഗം മാറാൻ നല്ലതാണ്. അത് വ്രണങ്ങളിൽ പുരട്ടിയാൽ ഉണങ്ങും. വയറിളക്കം, ഗ്രഹിണി എന്നിവയ്ക്കും ഇലനീര് ബന്ധനൗഷധിയാകുന്നു. കുരു പൊടിച്ചത് കൃമി പോകാൻ ചില ദേശത്ത് ഉപയോഗിക്കാറുണ്ട്.

കാളിദാസനെപ്പോലുള്ള കവികൾ വർണ്ണിച്ചിട്ടുള്ള പ്ലാശിന്റെ പൂവും ഔഷധഗുണമുള്ളതാണ്. കടുവയുടെ നഖം പോലെയുള്ള പ്ലാശിൻപൂവ്വിന് ഓറഞ്ച് ചുവപ്പ് നിറമാണുള്ളത്. ഇതിന് രക്തശുദ്ധീകരണഗുണവും മൂത്രവർദ്ധകഗുണവുമുണ്ട്. ഗർഭിണികൾക്ക് വയറിളക്കത്തിന് ഉപയോഗിച്ചിരുന്നു.

പ്ലാശിന്റെ ഇലക്ക് സുഖവർദ്ധകഗുണമുണ്ട്. ഇത് അരച്ച് കുരുവിൽ പുരട്ടാം. മൂലക്കുരുമാറുന്നതിന് ഇത് നല്ലതാണ്. പ്ലാശിന്റെ തൊലി ഇഞ്ചികൂട്ടി വിഷഔഷധമായി ഉപയോഗിച്ചിരുന്നു. പ്രസവിച്ച സ്ത്രീകൾ ക്കുള്ള വേതുവെള്ളത്തിന് മറ്റിലകൾക്കൊപ്പം പ്ലാശിലയും ഇട്ടുവന്നു. കഫത്തിനും വാതത്തിനും രക്തവാർച്ച തടയുന്നതിനും ഉപയോഗിച്ചുവന്ന പ്ലാശിന്റെ വിത്ത്, പശ, തൊലി എന്നിവ പ്രധാനമായും ഉദരകൃമിയെ ശമിപ്പിക്കുന്നതാണ്. ഇങ്ങനെ ഗൃഹവൈദ്യത്തിലും നാട്ടുവൈദ്യത്തിലും ആയുർവേദത്തിലും ഉപയോഗിച്ചുവന്ന ഈ വൃക്ഷത്തിന്റെ പേരിലുള്ള നാടാണ് പ്ലാച്ചിമട.

**സൂചന**


1. ബ്രഹത്സംഹിത
2. കെ.ഗോവിന്ദമേനോൻ, ഭാരതീയൗഷധച്ചെടികൾ, രാമാനുജ മുദ്രാലയം, തൃശ്ശിവപേരൂർ, 1931.പേജ് 128-131
3. ഡോ.എസ് നേശമണി, ഔഷധസസ്യങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998, പേജ് 389-391
4. പറഞ്ഞുതന്നത്: ഷാഹുൽഹമീദ്, പ്ലാച്ചിമട
5. ഡോ. എം.വി. വിഷ്ണുനമ്പൂതിരി, നീരറിവുകൾ(ലേഖനം), നീരറിവുകൾ, ഡി.സി. ബുക്സ്, കോട്ടയം 2007.


*നാട്ടറിവ്, കണിമംഗലം, തൃശൂർ-27*